# കൊയ്നോനിയ

ഫെബ്രുവരി 2018

ചെറുവെട്ടുകാട് ഇടവക വാർത്ത ബുള്ളറ്റിൻ

Private circulation only I Book No. 7


# ഇടവക മദ്ധ്യസ്ഥന്റെ അമ്പ് തിരുനാൾ ആഘോഷിച്ചു



ചെറുവെട്ടുകാട്: ഇടവക മദ്ധ്യസ്ഥനായ വിശുദ്ധ സെബസ്ത്യാനോസിന്റെ 2018 ലെ അമ്പ് തിരുനാൾ ജനുവരി 23 മുതൽ 28 വരെ ഭക്തിനിർഭരമായി ആചരിച്ചു. 23 ന് ഇടവക വികാരി ഫാദർ ജോസ് ദിലീപ് കപ്പൂച്ചിൻ കൊടി ഉയർത്തുകയും തുടർന്ന് വലിയതുറ ഫെറോന വികാരി ഫാ. സൈറസ് കളത്തിലിന്റെ മുഖ്യ കാർമ്മികത്തത്തിൽ ആഘോഷമായ ദിവ്യബലി അർപ്പിക്കുകയും കണ്ണാന്തുറ ഇടവക വികാരി ഫാ. ലാസർ ബെനഡിക്റ്റ് വചന സന്ദേശം നൾകുകയും ചെയ്തു. അമ്പുനേർച്ചയ്ക്ക് പേരു നൾകിയവർക്ക് ഇടവക വികാരി അമ്പ് ആശീർവദിച്ചു നൾകുകയും ചെയ്തു. തുടർന്ന് 26 വരെ എല്ലാ ദിവസവും രാവിലെ 6 ന് ദിവ്യബലിയും വൈകുന്നേരം 5 ന് ബൈബിൾ പാരായണം, ജപമാല, നൊവേന, ലിറ്റിനി, ദിവ്യബലിയും നടന്നു. 27 ന് രാവിലെ മുതൽ അമ്പ് ഏറ്റുവാങ്ങിയവർ ദേവാലയം ചുറ്റി പ്രദക്ഷിണമായി വന്ന് വിശുദ്ധ സെബസ്ത്യാനോസിന്റെ രൂപ ത്തിൽ അമ്പുകൾ അർപ്പിച്ചു, വൈകുന്നേരം 6 ന് സന്ധ്യാവന്ദന പ്രാർത്ഥനയും തിരു സ്വരൂപ പ്രദക്ഷിണവും, ദിവ്യകാരുണ്യ ആശീർവാദവും നടന്നു. 28 ഞായർ വൈകുന്നേരം 6 ന് കപ്പൂച്ചിൻ നവ വൈദീകർ അർപ്പിച്ച ആഘോഷമായ തിരുനാൾ സമുഹബലിയും ഉണ്ടായിരുന്നു. തുടർന്ന് ഇടവക വികാരി കൊടിയിറക്കി കൊണ്ട് തിരുനാൾ ആഘോഷങ്ങൾക്ക് സമാപനം കുറിച്ചു.

# എഡിറ്റോറിയൽ

സ്നേഹിതരെ ,

സായാഹ്നത്തിൽ ഗുരുവും ശിഷ്യനും ധ്യാനിക്കുകയായിരുന്നു. ആശ്രമത്തിലെ പൂച്ച ശബ്ദമുണ്ടാക്കി അവരുടെ ശ്രദ്ധതെറ്റിച്ചു. ഗുരു ശിഷ്യൻമാരോടു പറഞ്ഞു. 'വൈകുന്നേരത്തെ ധ്യാനവേളകളിൽ ഈ പൂച്ചയെ കെട്ടിയിടണം'. വർഷങ്ങൾ കഴിഞ്ഞ് ഗുരു സമാധിയായി എന്നാൽ ധ്യാനവേളകളിൽ പൂച്ചയെ കെട്ടിയിടുന്ന പതിവ് തുടർന്നു. ഒരു ദിവസം പൂച്ചയും ചത്തു. ശിഷ്യൻമാർ അതിന്റെ സ്ഥാനത്ത് മറ്റൊരു പൂച്ചയെ കൊണ്ടുവന്ന് കെട്ടിയിട്ടു. അങ്ങനെ അത് ആചാരങ്ങളുടെ ഭാഗമായി. നെറ്റിയിൽ ചാരം പൂശി തപസനുഷ്ഠിച്ച് പാപ പരിഹാരം ചെയ്ത് കർത്താവിന്റെ വഴി ഒരുക്കുവിൻ. അവന്റെ പാത നേരെയാക്കുവിൻ എന്ന പ്രവാചക വചനത്തിന്റെ അർത്ഥം ഉള്ളിൽ സ്വീകരിച്ച് ജീവിതത്തെ ക്രമപ്പെടുത്തേണ്ട ദിനങ്ങളിലാണ് നാം.

പെസഹാകാലത്തിന്റെ യഥാർത്ഥ അർത്ഥം ഉൾക്കൊണ്ട് പ്രാർത്ഥനയിലും, ഉപവാസത്തിലും, ദാനധർമ്മങ്ങളിലും പ്രത്യേകമായി ഈ തപസുകാലത്തായിരിക്കാം.

'സാബത്ത് മനുഷ്യനുവേണ്ടിയാണ് മനുഷ്യൻ സാബത്തിനു വേണ്ടിയല്ല.'
( മാർക്കോസ് 2 : 27 )

ഫാ. ജോസ് ദിലീപ് കപ്പൂച്ചിൻ
ഇടവക വികാരി

# ലിറ്റിൽ ബോയിയുടെ സഹായം

ജനുവരി മാസം ദിവ്യശാന്തി ആശ്രമത്തിന് 5000 രൂപ ലിറ്റിൽ ബോയുടെ ഫണ്ടിൽ നിന്നു ആദ്യ സഹായമായി നൽകി.

ഫെബ്രുവരിയിൽ ഇടവകയിൽ നിന്ന് 5000 വും ലിറ്റിൽ ബോയി ഫണ്ടിൽ നിന്നു 20000 രൂപയും ചേർത്ത് 25000 രൂപ അതിരൂപതയുടെ ഓഖി ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് നൽകുകയുണ്ടായി.

## വിശുദ്ധ സെബസ്ത്യാനോസിന്റെ പുതിയ രൂപം ആശീർവ്വദിച്ചു



# വിശുദ്ധ അന്തോനീസിന്റെ തിരുശേഷിപ്പും ഉണ്ണീശോയുടെ രൂപവും പ്രതിഷ്ഠിച്ചു



ജനുവരി 23 ന് വിശുദ്ധ അന്തോനീസിന്റെ തിരുശേഷിപ്പ് കണ്ണാന്തുറ ദേവാലയത്തിൽ വച്ച് വില്ലാപാദുവ ആശ്രമ സുപ്പീരിയർ സാജൻ ജോസഫ് അച്ചനിൽ നിന്ന് ഇടവക വികാരി ഏറ്റുവാങ്ങി പ്രദക്ഷിണമായി ദേവാലയത്തിൽ എത്തുകയും ഫെറോന വികാരി ഫാ. സൈറസ് കളത്തിൽ പ്രതിഷ്ഠാ കർമ്മം നിർവ്വഹിക്കുകയും ചെയ്തു. തിരുശേഷിപ്പിനോടൊപ്പം നൂറ്റാണ്ടുകൾക്കു മുൻപ് ആദ്യ ദേവാലയത്തിൽ പ്രതിഷ്ഠിച്ചിരുന്നതും ആയിരങ്ങൾക്ക് ആശ്വാസവുമായിരുന്ന വിശുദ്ധ അന്തോനീസിന്റെ രൂപവും പുനഃപ്രതിഷ്ഠിച്ചു. തുടർന്ന് ആര്യനാട് ആശ്രമ സുപ്പീരിയർ ഫാ. ഷൈജൻ ആന്റണി കപ്പൂച്ചിൻ ഉണ്ണീശോയുടെ തിരുസ്വരൂപ പ്രതിഷ്ഠാ കർമ്മവും നിർവ്വഹിച്ചു.





# നോമ്പുകാല ദാനധർമ്മം




ഫെബ്രുവരി 14 മുതൽ ഇടവകയിലെ എല്ലാ ഭവനങ്ങളിലും നോമ്പുകാല ദാനധർമ്മത്തിനായി കുടുക്കകൾ നൽകുകയും ഇതിലൂടെ സ്വരൂപിക്കുന്ന തുക ചാരിറ്റി പ്രവർത്തനങ്ങൾക്കായി ഈസ്റ്റർ രാത്രിയുള്ള ദിവ്യബലിക്ക് കാഴ്ച്ചയായി ഇടവകാംഗങ്ങൾ സമർപ്പിക്കണമെന്നും ഇടവക വികാരി ജോസ് ദിലീപ് അച്ചൻ അറിയിച്ചു .

# ചൊവ്വാഴ്ച്ചകളിൽ രാവിലെ ആരാധനയും നേർച്ചകഞ്ഞിയും



എല്ലാ ചൊവ്വാഴ്ചയും രാവിലെ 11 നു ആരാധനയും തുടർന്ന് നേർച്ചകഞ്ഞി വിതരണവും ഈ മാസം മുതൽ നടത്തി തുടങ്ങി.

# പരിശുദ്ധ മാതാവിന്റെ തിരുസ്വരൂപം ഭവനങ്ങളിലൂടെ തീർത്ഥാടനം തുടരുന്നു

ഇടവകയിലെ എല്ലാ കുടുംബങ്ങളിലും പരിശുദ്ധ അമ്മയുടെ അനുഗ്രഹം നിറയാനായി ഒരു കുടുംബത്തിൽ 3 ദിവസം എന്ന ക്രമത്തിൽ പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം വണക്കത്തിനായി നവംബർ 1 മുതൽ ഒരു വർഷത്തേയ്ക്ക് ഇടവകയിലെ ഭവനങ്ങളിലേയ്ക്ക് തീർത്ഥാടനം നടത്തുന്നു ഇപ്പോൾ സെന്റ് ആന്റണീസ് യൂണിറ്റിൽ തീർത്ഥാടനം നടത്തി വരുന്നു.

# 'കൊയ്നൊനിയ' മൊബൈൽ ആപ്ലിക്കേഷൻ ഉത്ഘാടനം ചെയ്തു




ഇടവകയിലെ വാർത്തകളും അറിയിപ്പുകളും മൊബൈൽ ഫോണിലൂടെ ഇടവക ജനങ്ങളിൽ എത്തിക്കാനായി നിർമ്മിച്ച 'കൊയ്നൊനിയ' എന്ന മൊബൈൽ ആപ്ലിക്കേഷന്റെ ഉത്ഘാടനം ഇടവക വികാരി ജോസ് ദിലീപ് അച്ചന്റെ സാനിദ്ധ്യത്തിൽ ഫാ. ഡിജോ കപ്പൂച്ചിൻ നിർവ്വഹിച്ചു.


# ലിറ്റിൽ ബോയി വോളന്റീയർ ഐ ഡി കാർഡ് വിതരണം ചെയ്തു



ലിറ്റിൽ ബോയി ചാരിറ്റബിൾ സർവീസിന്റെ വോളന്റീയർമാർക്കുള്ള ഐ ഡി കാർഡുകൾ വിതരണം ചെയ്തു. ഇടവക വികാരി ജോസ് ദിലീപ് അച്ചന് വെട്ടുകാട് ഇടവക വികാരി മോൺസിഞ്ഞോർ നിക്കോളസ് അച്ചൻ ഐ ഡി കാർഡ് നൽകി. മറ്റ് വോളന്റീയർമാർക്കുള്ള ഐ ഡി കാർഡുകൾ കൊച്ചുവേളി ഇടവക വികാരി ജി. പോൾ അച്ചൻ നൽകുകയുണ്ടായി.




അലൻ ജെ പ്രേമൻ 14/02/2010




സ്നേഹ ജി ജിട്രസ് 19/02/2003


# KARATE CLASS & HEALTH CLUB







**SHIHAN.Y. PREMAKUMAR**
**Technical Director & Examiner in India**
SHITO RYU - 6 th DAN BLACK BELT
ISKF - 4 th DAN BLACK BELT, JAPAN
6th DAN BLACK BELT, KAI

9847889479, 9847439135




ഇടവക മദ്ധ്യസ്ഥന്റെ അമ്പ് തിരുനാൾ സമൂഹബലി നവവൈദീകർ അർപ്പിക്കുന്നു


Printed by: Parish Priest, St. Sebastian's Church, Cheruvettukad, Trivandrum-7 , Latin Archdiocese Of Trivandrum